**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6148** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉല്പാദന ഘടകങ്ങളുടെ ഡിസൈനും കോട്ടയക്കൽ നഗരസഭയ്ക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ സർവ്വേ നടപടികളും പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉല്പ്പാദന ഘടകങ്ങളുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയ്ക്കൽ നഗര സഭയ്ക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈ നുകൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പടെ യുള്ളവയുടെ സർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി മലപ്പുറം ഡിവിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കോട്ടയ്ക്കൽ നഗരസഭയ്ക്ക് വേണ്ടി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഡി.പി. ആർ തയാറാക്കി വരുന്നു. കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുളള പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കുകയും, സർവ്വെ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കുറ്റിപ്പുറത്തും സമീപ പഞ്ചായത്തുകൾക്കുമായി ജലജീവൻ മിഷനിൽ നിർമ്മിക്കുന്ന ശുദ്ധീകരണ ശാലയിൽ നിന്നും മാറാക്കര പഞ്ചായത്തിലെ മലയിൽ സ്ഥാപിക്കുന്ന ഉപരിതല സംഭരണയിൽനിന്നാണ് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലേക്ക് ശുദ്ധജലം എത്തിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി കോട്ടക്കൽ മുനിസിപ്പാലിറ്റി പരിധിയിൽ 3 ഉപരിതല സംഭരണികൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ ഒരു ഉപരിതലസംഭരണിയുടെ സ്ഥലം തീരുമാനിച്ചു. മറ്റു രണ്ട് ഉപരിതല സംഭരണികൾക്കുള്ള സ്ഥലപരിശോധന നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പ് വർഷം തന്നെ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതി എത്രയും വേഗത്തിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ